## പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** 30/06/2016-ലെ മറുപടിയ്ക്ക്
**ചോദ്യം നം. 646**

### നോക്കുകൂലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.എസ്. ശിവകുമാർ | | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | നോക്കുകൂലി നിർത്തലാക്കാൻ മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ; | (എ) | നോക്കുകൂലി നിർത്തലാക്കാൻ ലക്ഷ്യമിട്ട് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിലും ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇത് സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്; ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; | ബി) | സംസ്ഥാനമൊട്ടാകെയുള്ള നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനാണ് പ്രസ്തുത പദ്ധതി വഴി ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വിശദമാക്കാമോ; | സി) | പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വരുത്തുന്നതിന്റെ മുന്നോടിയായി ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ |

പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി മനസ്സിലാക്കി, എസ്.ബി.റ്റി.യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അമിതവേതനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-42-555-214/ 155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്.

| | | |
|---|---|---|
| (ഡി) | പദ്ധതി നിർവഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ഡി) നോക്കുകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും പ്രശ്നപരിഹാരത്തിന് നടപടികൾ സ്വീകരിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ